| 21-04-2022 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ, ബാബയുടെ ഓർമ്മയിലിരിക്കുക- ഇത് വളരെ മധുരമുള്ള മിഠായിയാണ്, ഇത് മറ്റുള്ളവർക്കും വിതരണം ചെയ്തുകൊണ്ടിരിക്കൂ, അതായത് ഈശ്വരന്റെയും സമ്പത്തിന്റെയും പരിചയം നൽകിക്കൊണ്ടിരിക്കൂ.**

**ചോദ്യം:** സ്ഥായിയായ ഓർമ്മയിലിരിക്കുന്നതിനുള്ള സഹജമായ വിധി എന്താണ്?
**ഉത്തരം:** സ്ഥായിയായ ഓർമ്മയിലിരിക്കണമെങ്കിൽ ദേഹസഹിതം എന്തെല്ലാം സംബന്ധങ്ങളുണ്ടോ അതിനെയല്ലാം തന്നെ മറക്കൂ. നടന്നും കറങ്ങിയും, ഇരുന്നും എഴുന്നേറ്റും ഓർമ്മയിലിരിക്കുന്നതിന്റെ അഭ്യാസം ചെയ്യൂ. യോഗത്തിലിരിക്കുമ്പോൾ ചുവന്ന ലൈറ്റുപോലും ഓർമ്മ വന്നാൽ യോഗം മുറിഞ്ഞുപോകും. നിരന്തര ഓർമ്മയുണ്ടാകുകയില്ല. ആരെങ്കിലും പ്രത്യേകം ഇരുന്ന് യോഗം ചെയ്യിപ്പിക്കണമെന്ന് പറയുന്നവർക്ക് യോഗത്തിലിരിക്കാനേ കഴിയുകയില്ല.

**ഗീതം:** രാത്രിയിലെ യാത്രക്കാരാ........

**ഓം ശാന്തി**. ഇപ്പോൾ ഈ ഗീതത്തിൽ സൂചിപ്പിക്കുന്നത് യോഗത്തിന്റെ കാര്യമാണ്, കാരണം ഇപ്പോൾ രാത്രിയാണ്. രാത്രിയെന്ന് പറയുന്നത് കലിയുഗത്തെയാണ്, പകലെന്ന് പറയുന്നത് സത്യയുഗത്തേയും. നിങ്ങളിപ്പോൾ കലിയുഗമാകുന്ന രാത്രിയിൽ നിന്ന് സത്യയുഗമാകുന്ന പകലിലേയ്ക്ക് പോകുന്നു, അതുകൊണ്ട് രാത്രിയെ മറന്ന് പകലിനെ ഓർമ്മിക്കൂ. നരകത്തിൽ നിന്നും ബുദ്ധിയെ അകറ്റണം. ബുദ്ധിപറയുകയാണ് ഇത് തികച്ചും നരകമാണ്, മറ്റുള്ളവരുടെ ബുദ്ധിയിലൊന്നും ഇങ്ങിനെയുണ്ടാകില്ല. ബുദ്ധി ആത്മാവിലാണ്. ആത്മാവ് മനസ്സിലാക്കുകയാണ് ബാബ ഇപ്പോൾ വന്നിരിക്കുകയാണ് രാത്രിയിൽ നിന്നും പകലിലേയ്ക്ക് കൊണ്ടുപോകുവാൻ. ബാബ പറയുകയാണ്, അല്ലയോ ആത്മാക്കളേ, നിങ്ങൾക്ക് സ്വർഗ്ഗത്തിലേയ്ക്ക് പോകണം. എന്നാൽ ആദ്യം ശാന്തിധാമിൽ പോയി, പിന്നീട് സ്വർഗ്ഗത്തിൽ വരണം. അർത്ഥം നിങ്ങൾ യോഗികളാണ്, ഒന്നാമതായി വീടുമായുള്ള യോഗം പിന്നെ രാജധാനിയുമായും. ഇപ്പോൾ മൃത്യുലോകം അഥവാ രാത്രി പൂർത്തിയാകണം, പകലിലേയ്ക്ക് പോകണം, ഇതിനെയാണ് ഈശ്വരീയ യോഗമെന്ന് പറയുന്നത്. നിരാകാരനായ ഈശ്വരൻ നമ്മെ യോഗം പഠിപ്പിക്കുന്നു, അതായത് നമ്മളാത്മാക്കളുടെ വിവാഹ നിശ്ചയം നടത്തുന്നു. ഇത് ആത്മീയ യോഗമാണ്, മറ്റേത് ഭൗതിക യോഗമാണ്. നിങ്ങൾ കുട്ടികൾക്ക് ഒരിടത്തിരുന്ന് യോഗം ചെയ്യേണ്ട ആവശ്യമില്ല. മറ്റുള്ള ആശ്രമങ്ങളിലാണെങ്കിൽ അവർ എങ്ങിനെയിരിക്കുന്നുവോ, അതുപോലെ മറ്റുള്ളവരെയും അതേ ആസനത്തിൽ ഇരിക്കാൻ പഠിപ്പിക്കുകയാണ്. ഇവിടെ നിങ്ങളെ ആസനത്തിലിരിക്കുവാനല്ല പഠിപ്പിക്കുന്നത്. ശരിയാണ്, സഭയിലിരിക്കുമ്പോൾ നിയമമനുസരിച്ചിരിക്കണം, എന്നാൽ യോഗത്തിന് എങ്ങിനെ വേണമെങ്കിലും ഇരിക്കാം, നടന്നും കറങ്ങിയും, ഉറങ്ങിയും യോഗം ചെയ്യാൻ കഴിയും. ചിത്രകാരന്മാർക്ക് യോഗത്തിലിരുന്നും ചിത്രം രചിക്കാൻ കഴിയും. ശിവബാബയുമായി യോഗം വെച്ച് ബാബയുടെ ചിത്രമാണുണ്ടാക്കുന്നത്. അറിയാം നമ്മുടെ ബാബ നിരാകാരി ലോകമായ പരമധാമത്തിലാണുള്ളത്. നമ്മളും അവിടത്തെ വാസികളാണ്. നമുക്കും അങ്ങോട്ട് പോകണം, ഇത് ബുദ്ധിയിൽ നടന്നും കറങ്ങിയുമുണ്ടായിരിക്കണം. അല്ലാതെ എന്നെ തപസ്സിലിരുത്തൂ, യോഗം ചെയ്യിപ്പിക്കൂ ഇങ്ങിനെയല്ല- ഇങ്ങിനെ പറയുന്നത് തെറ്റാണ്. ബുദ്ധുക്കൾ അങ്ങിനെ പറയും. ലൗകിക പിതാവിനെ പ്രത്യേകമായി ഇരുന്ന് മക്കൾ ഓർക്കാറുണ്ടോ? അച്ഛാ, അച്ഛാ എന്ന് പറഞ്ഞുകൊണ്ടേയിരിക്കുകയാണ്, ഒരിക്കലും മറക്കുന്നില്ല. ചെറിയ കുട്ടികളാണെങ്കിൽ കൂടുതൽ ഓർമ്മിച്ചുകൊണ്ടിരിക്കും. വായിലൂടെ പറഞ്ഞുകൊണ്ടേയിരിക്കും. ഇവിടെ പാരലൗകിക പിതാവിനെ എന്തുകൊണ്ട് മറന്നു പോകുന്നു? ബുദ്ധിയോഗം എന്തുകൊണ്ട് മുറിയുന്നു? വായകൊണ്ട് ബാബ- ബാബ എന്ന് പറയുകപോലും വേണ്ട. ആത്മാവിനറിയാം ബാബയെ ഓർമ്മിക്കണമെന്ന്. അഥവാ പ്രത്യേകിച്ച് ഇരുന്ന് ഓർമ്മിക്കുന്ന സ്വഭാവമാണെങ്കിൽ, യോഗം കിട്ടുകയില്ല. ഇത് ഈശ്വരീയ യോഗമാണ്, സ്വയം ഈശ്വരാണ് നിങ്ങളെ പഠിപ്പിക്കുന്നത്. യോഗേശ്വരൻ എന്ന് പറയാറുണ്ടല്ലോ. നിങ്ങളെ ഈശ്വരൻ യോഗം പഠിപ്പിച്ചു, അതായത് അച്ഛനായ എന്നെ ഓർമ്മിക്കൂ. അല്ലാതെ ദീദി യോഗത്തിലിരുത്തുമ്പോഴേ ആനന്ദമുള്ളൂ എന്ന് പറയരുത്. ഇങ്ങിനെയുള്ളവരുടെ യോഗം ഒരിക്കലും സ്ഥിരമായിരിക്കുകയില്ല. നോക്കൂ, ഹൃദയ സ്തംഭനമുണ്ടാകുകയാണെങ്കിൽ ആ സമയത്ത് ആർക്കെങ്കിലും യോഗം ചെയ്യിപ്പിക്കാൻ കഴിയുമോ? ഇത് ബുദ്ധികൊണ്ട് ഓർമ്മിക്കേണ്ട കാര്യമാണ്. മനുഷ്യർ പഠിപ്പിക്കുന്ന എല്ലാ യോഗങ്ങളും തന്നെ തെറ്റാണ്. യോഗികളാരും തന്നെ ഈ ലോകത്തിലില്ല. നിങ്ങൾ ആരെയെങ്കിലും ഓർക്കുന്നതും യോഗം തന്നെയാണ്. മാങ്ങ നല്ലതാണ് - അർത്ഥം മാങ്ങയുമായി യോഗമായി, ചുവന്ന ലൈറ്റ് ഇഷ്ടമാണെങ്കിൽ അതും ഓർമ്മയിൽ വരും, അതും യോഗം തന്നെ. എന്നാൽ ഇവിടെയാണെങ്കിൽ ദേഹസഹിതം ദേഹത്തിന്റെ

സർവ്വ സംബന്ധങ്ങളെയും മറന്ന് ഒന്നായ എന്നിൽ യോഗം വെയ്ക്കുമ്പോൾ നിങ്ങളുടെ മംഗളമുണ്ടാകും, നിങ്ങൾ വികർമ്മാജീത്തായി മാറും. ബാബ തന്നെ വന്നാണ് സത്ഗതിയുടെ വഴി പറഞ്ഞു തരുന്നത്. ബാബയ്ക്കല്ലാതെ മറ്റാർക്കും സത്ഗതി നൽകുവാൻ കഴിയുകയില്ല. ബാക്കിയുള്ളവരെല്ലാം തന്നെ ദുർഗ്ഗതിയിലേയ്ക്കുള്ള വഴി കാണിക്കുന്നവരാണ്. സ്വർഗ്ഗമെന്ന് പറയുന്നത് സദ്ഗതിയേയും, മുക്തിധാമമെന്നു പറയുന്നത് ആത്മാവിന്റെ വീടിനേയുമാണ്. ഈ സമയത്ത് സർവ്വരേയും ദുർഗ്ഗതിയിലേയ്ക്ക് കൊണ്ടു പോകുന്നത് മനുഷ്യമതമാണ്. നിരാകാരനായ ബാബ വന്നാണ് സത്ഗതി നൽകുന്നത്, പിന്നീട് അരക്കല്പം സദ്ഗതിയിലിരിയ്ക്കുന്നു. അവിടെ ഭഗവാനെ കാണുന്നതിനോ മുക്തിയ്ക്കു വേണ്ടിയോ അലയേണ്ട കാര്യമില്ല. രാവണ രാജ്യം തുടങ്ങുമ്പോൾ ഓരോ വാതിലുകളിലും ചെന്ന് അന്വേഷിക്കാനാരംഭിക്കുന്നു, കാരണം താഴോട്ടിറങ്ങാൻ തുടങ്ങുകയാണ്. ഭക്തിയും തുടങ്ങുക തന്നെ വേണം. നിങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നു നമ്മളിപ്പോൾ ശരീരത്തെയുപേക്ഷിച്ച് ശിവാലയത്തിലേയ്ക്ക് പോകും. സത്യയുഗമാണ് പരിധിയില്ലാത്ത ശിവാലയം. ഈ സമയത്ത് വേശ്യാലയമാണ്. ഈ കാര്യങ്ങളെല്ലാം ഓർമ്മിക്കേണ്ടിയിരിക്കുന്നു. ശിവബാബയെ ഓർമ്മിക്കുന്നില്ലായെങ്കിൽ അവർ യോഗികളല്ല, ഭോഗികളാണ്. നിങ്ങൾ ആർക്കെങ്കിലും മനസ്സിലാക്കിക്കൊടുക്കുകയാണെങ്കിൽ പറയും, ഞങ്ങൾ രണ്ടു വാക്കു കേൾക്കാം. ആ രണ്ടു വാക്കുകൾ വളരെ പ്രസിദ്ധമാണ്. മൻ മനാഭവഃ, മദ്ധ്യാജി ഭവഃ. എന്നെ ഓർമ്മിക്കൂ, സമ്പത്തിനെ ഓർമ്മിക്കൂ. ഈ രണ്ടു വാക്കുകൾ കൊണ്ടാണ് ജീവൻ മുക്തി ലഭിക്കുന്നത്. ബാബ പറയുകയാണ് എന്നെ ഓർമ്മിക്കുന്നതിലൂടെ നിരോഗിയായി മാറും, ചക്രത്തെ ഓർമ്മിക്കുന്നതിലൂടെ ധനവാനായി മാറും. രണ്ടു വാക്കുകൾ കൊണ്ട് നിങ്ങൾ സദാ ആരോഗ്യവാന്മാരും സമ്പന്നരുമായി മാറുന്നു. ശരിയായ കാര്യമാണെങ്കിൽ അപ്രകാരം നടക്കണം, അങ്ങിനെ ചെയ്യുന്നില്ലെങ്കിൽ മനസ്സിലാക്കാം ബുദ്ധുക്കളാണെന്ന്. അലിഫും ബെയും(അള്ളാഹുവും ചക്രവർത്തി പദവിയും) – ഇതാണ് രണ്ടു വാക്കുകൾ. അലിഫ് അർത്ഥം അള്ളാഹു, ബെ അർത്ഥം രചന. ബാബയാണ് അലിഫ്, ബെയാണ് രാജ്യപദവി. നിങ്ങളിൽ ചിലർക്ക് രാജ്യപദവി ലഭിക്കുന്നു, ചിലർ പ്രജകളാകുന്നു. നിങ്ങൾ കുട്ടികൾ വരവ്–ചിലവിന്റെ കണക്കുകൾ വെക്കേണ്ടതാണ്, മുഴുവൻ ദിവസത്തിലും എത്ര സമയം ബാബയേയും എത്രസമയം സമ്പത്തിനേയും ഓർമ്മിച്ചു. ശ്രീമതം ബാബ തന്നെയാണ് നൽകുന്നത്. ആത്മാക്കളെ ബാബ പഠിപ്പിക്കുകയാണ്. മനുഷ്യർ ധനത്തിനുവേണ്ടി എത്രയാണ് തലയിട്ടുതല്ലുന്നത്. ഈ ബ്രഹ്മാവിന്റെ പക്കൽ എത്ര ധനമാണുണ്ടായിരുന്നത്. അള്ളാഹുവിൽ നിന്ന് രാജ്യപദവി ലഭിക്കുന്നു എന്ന് എപ്പോൾ മനസ്സിലായോ, പിന്നെ ഈ ധനം കൊണ്ട് എന്തു ചെയ്യാനാണ്? എന്തുകൊണ്ട് എല്ലാം അള്ളാഹുവിനെ ഏല്പിച്ച് രാജ്യപദവി എടുത്തുകൂടാ. ബാബ ഇതിനെക്കറിച്ച് ഒരു പാട്ടും രചിച്ചിരുന്നു . . . അലിഫിന് അള്ളാഹുവിനെ ലഭിച്ചു . . . . . ബെയ്ക്ക് ലഭിച്ചു രാജ്യപദവി. . . . ആ സമയം ബുദ്ധിയിലുണ്ടായിരുന്നു എനിയ്ക്ക് ചതുർഭുജധാരിയായ വിഷ്ണുവായി മാറണം, ഞാൻ ഈ ധനം എന്തു ചെയ്യാനാണ്. ബാബ ബുദ്ധിയുടെ പൂട്ട് തുറന്നു. ഈ (സാകാര) ബാബ ധനം സമ്പാദിക്കുന്നതിൽ വളരെ തിരക്കിലായിരുന്നു, രാജ്യ പദവി ലഭിക്കുന്നു എങ്കിൽ പിന്നെന്തിന് കഴുതയെപ്പോലെ പണിയെടുക്കണം. അതിനുശേഷം ബാബയ്ക്ക് പട്ടിണിയൊന്നും കിടക്കേണ്ടി വന്നിട്ടില്ല. ബാബയുടെ പക്കൽ വരുന്നവർക്ക് – വളരെ നല്ല സംരക്ഷണം ലഭിക്കുന്നു. വീട്ടിലാണെങ്കിൽ പട്ടിണി കിടന്നേയ്ക്കും, ഇവിടെയാണെങ്കിൽ ആരാണോ ശ്രീമത പ്രകാരം നടക്കുന്നത്, അവർക്ക് ബാബയുടെ നല്ല സഹായം ലഭിക്കുന്നു. ബാബ പറയുകയാണ് സർവ്വർക്കും വഴി പറഞ്ഞുകൊടുക്കൂ, അതായത് ബാബയെ ഓർമ്മിയ്ക്കൂ, ചക്രത്തിന്റെ ജ്ഞാനത്തെ ഓർമ്മിയ്ക്കൂ, എങ്കിൽ നിങ്ങളുടെ തോണി സുരക്ഷിതമായി അക്കരെച്ചേരും. തോണിക്കാരൻ വന്നിരിക്കുകയാണ് തോണി അക്കരെയെത്തിക്കുന്നതിന്. അതുകൊണ്ടാണ് പാടുന്നത് പതിത–പാവനൻ, തോണിക്കാരൻ എന്നെല്ലാം, പക്ഷെ ആർക്കും തന്നെ അറിയുകയില്ല ആരെ ഓർമ്മിക്കണമെന്ന് എന്തുകൊണ്ടെന്നാൽ സർവ്വവ്യാപി എന്നു പറഞ്ഞിരിക്കുകയാണ്. ഒരേയൊരു ശിവന്റെ ചിത്രത്തെ മാത്രമേ ഭഗവാൻ എന്ന് പറയുകയുള്ളൂ. പിന്നെ എന്തിനാണ് ലക്ഷ്മീ–നാരായണൻ, ബ്രഹ്മാ–വിഷ്ണു–ശങ്കരന്മാരെയെല്ലാം ഭഗവാൻ എന്നു പറയുന്നത്? ഇവരെല്ലാവരും അച്ഛനായി മാറുകയാണെങ്കിൽ പിന്നെ ആര് സമ്പത്ത് നൽക്കും? സർവ്വവ്യാപിയെന്നു പറയുമ്പോൾ കൊടുക്കുന്നവരുമില്ല, വാങ്ങിക്കുന്നവരുമില്ല. എഴുതി വെച്ചിട്ടുണ്ട്, ബ്രഹ്മാവിലൂടെ സ്ഥാപന. മുകളിൽ ശിവൻ നിൽക്കുകയാണ്. ശിവബാബ ബ്രഹ്മാവിലൂടെ ദേവതയാക്കി മാറ്റുകയാണെങ്കിൽ ബ്രഹ്മാവും ദേവതയായിമാറും. ഈ ജോലി ഒരേയൊരച്ഛന്റെ തന്നെയാണ്. അദ്ദേഹത്തിന്റെ തന്നെ മഹിമയാണ് ഓങ്കാരം, അകാലമൂർത്തി എന്നെല്ലാം. ആത്മാവ് അകാലമൂർത്തിയാണ്. അതിനെ കാലൻ വിഴുങ്ങുന്നില്ല, ബാബയും അകാലമൂർത്തിയാണ്. എല്ലാവരുടേയും ശരീരം നശിക്കുന്നു. ആത്മാവിനെ കാലൻ വിഴുങ്ങുന്നില്ല. സ്വർഗ്ഗത്തിൽ അകാല മരണങ്ങളുണ്ടാകുന്നേയില്ല. എനിക്ക് ഒരു ശരീരം വിട്ട് വേറെ എടുക്കണമെന്നു മനസ്സിലാക്കുന്നു. സ്വർഗ്ഗത്തിലാണെങ്കിൽ പുനർജന്മവും സ്വർഗ്ഗത്തിൽ തന്നെയായിരിക്കും. ഇവിടെ എല്ലാവരും നരക വാസികളാണ്. പറയുന്നു, ഇന്ന വ്യക്തി സ്വർഗ്ഗത്തിൽപ്പോയി, അപ്പോൾ മുമ്പ് തീർച്ചയായും നരകത്തിലായിരുന്നു. ഇത്രയും എളുപ്പമായ കാര്യം കൂടി മനസ്സിലാകുന്നില്ല. സന്യാസിയും

മനസ്സിലാക്കുന്നില്ല. അവർ പറയുന്നു, ജ്യോതി, ജ്യോതിയിൽ ലയിച്ചു. ഭാരതവാസി ഭക്തർ ഭാഗവാനെ ഓർമ്മിക്കുന്നു. ഗൃഹസ്ഥി ഭക്തരാണ്, എന്തുകൊണ്ടെന്നാൽ ഭക്തി ഗൃഹസ്ഥത്തിലുള്ളവർക്കാണ്. സന്യാസിമാർ തത്വജ്ഞാനികളാണ്. കരുതുകയാണ് നാം തത്വത്തിനോട് യോഗം വെച്ച് തത്വത്തിൽ ലയിക്കും. അവർ ആത്മാവിനേയും വിനാശിയായാണ് കാണുന്നത്. അവർക്ക് സത്യം ഒരിക്കലും പറയാൻ കഴിയുകയില്ല. സത്യമാണ് പരമാത്മാവ്. നിങ്ങൾക്കിപ്പോൾ സത്യത്തിന്റെ കൂട്ടുകെട്ടുണ്ട്, ബാക്കിയെല്ലാം തന്നെ അസത്യമാണ്. കലിയുഗത്തിൽ സത്യം പറയുന്ന ഒരു മനുഷ്യനുമില്ല. രചയിതാവിനെയും രചനയേയും കുറിച്ച് ആരും സത്യം പറയുന്നില്ല. ബാബ പറയുകയാണ് ഞാൻ നിങ്ങൾക്കിപ്പോൾ എല്ലാ ശാസ്ത്രങ്ങളുടേയും സാരം പറഞ്ഞു തരുന്നു. മുഖ്യമായുള്ള ഗീതയിലും പരമാത്മാവിനു പകരം മുനുഷ്യന്റെ പേരാണ് ഇട്ടിരിക്കുന്നത്. കൃഷ്ണൻ ഈ സമയം കറുത്തിരിക്കുകയാണ്. കൃഷ്ണന്റെയും മനുഷ്യർക്ക് മനസ്സിലാകുന്ന തരത്തിലുള്ള ചിത്രമുണ്ടാക്കണം. ഒരു ഭാഗത്ത് കറുത്ത ഷെയിഡും മറു ഭാഗത്ത് വെളുത്ത ഷെയിഡും കാണിക്കണം, പിന്നീട് പറഞ്ഞു മനസ്സിലാക്കിക്കൊടുക്കണം, കാമചിതയിലിരിക്കുക കാരണമാണ് കറുത്തിരിക്കുന്നത്. ജ്ഞാനചിതയിലിരിക്കുമ്പോൾ വെളുത്തതായി മാറുന്നു. നിവൃത്തിമാർഗ്ഗത്തെയും പ്രവൃത്തിമാർഗ്ഗത്തെയും കാണിക്കണം. കലിയുഗം പിന്നീട് സ്വർണ്ണിമയുഗമായി മാറുന്നു. സ്വർണ്ണിമയുഗത്തിനുശേഷം വെള്ളിയുഗം, ചെമ്പ് യുഗം വരുന്നു. ആത്മാവ് പറയുകയാണ്, ഞാൻ ആദ്യം കാമചിതയിലായിരുന്നു, ഇപ്പോൾ ജ്ഞാനചിതയിലിരിക്കുകയാണ്. നിങ്ങൾ കുട്ടികൾക്കറിയാം നമ്മളിപ്പോൾ പതിതരിൽ നിന്ന് പാവനമായി മാറിക്കൊണ്ടിരിക്കുകയാണ്. യോഗത്തിലിരുന്ന് നിങ്ങളെന്തെങ്കിലും വസ്തുക്കളുണ്ടാക്കുകയാണെങ്കിൽ അത് ഒരിക്കലും ചീത്തയാകുകയില്ല. ബുദ്ധി ബാബയിലിരിക്കുന്നതുകാരണം സഹായം ലഭിക്കുന്നു. എന്നാൽ ഇത് എളുപ്പവുമല്ല. ബാബ (ബ്രഹ്മാബാബ) പറയുകയാണ് ഞാനും മറന്നുപോകുകയാണ്. വളരെ പ്രയാസമുള്ള കളിയാണ്, നല്ല അഭ്യാസം ആവശ്യമാണ്. സ്ഥിരമായ ഓർമ്മയുണ്ടാകുന്നില്ല. നടന്നും കറങ്ങിയും ഓർമ്മയിലിരിക്കുന്നതിന്റെ അഭ്യാസം ചെയ്യണം. കുളിക്കുമ്പോഴും ഓർമ്മയിലിരിക്കാൻ കഴിയും. ഓർമ്മയിലൂടെയാണ് ശക്തി ലഭിക്കുന്നത്. ശരിയായ യോഗം ആർക്കും ഈ സമയത്ത് അറിയുകയില്ല. ബാബകൂടാതെ മറ്റുള്ളവർ പഠിപ്പിക്കുന്ന യോഗമെല്ലാം തെറ്റാണ്. ഭഗവാൻ യോഗം പഠിപ്പിച്ചപ്പോൾ സ്വർഗ്ഗമുണ്ടായി. മനുഷ്യർ യോഗം പഠിപ്പിച്ചപ്പോൾ സ്വർഗ്ഗം നരകമായിമാറി. തലതിരിഞ്ഞ എന്തെങ്കിലും പ്രവർത്തി ചെയ്യുകയാണെങ്കിൽ ബുദ്ധി പൂട്ടിപ്പോകുന്നു. പിന്നെ 10 – 15 മിനിട്ട് പോലും യോഗത്തിലിരിക്കാൻ സാധിക്കില്ല. അല്ലെങ്കിൽ ഇത് വൃദ്ധകൾക്കും, കുട്ടികൾക്കും, അസുഖമുള്ളവർക്കുമെല്ലാം വളരെ എളുപ്പമാണ്. വളരെ നല്ല മിഠായിയാണ്. സംസാരശേഷിയില്ലാത്തവർക്കും ശ്രവണശേഷിയില്ലാത്തവർക്കും ആംഗ്യഭാഷകൊണ്ട് മനസ്സിലാക്കാൻ കഴിയുമല്ലോ. ബാബയെ ഓർമ്മിക്കുകയാണെങ്കിൽ സമ്പത്ത് ലഭിക്കും. ആരുവന്നാലും അവരോട് പറയൂ, ഞാൻ നിങ്ങൾക്ക് വഴി പറഞ്ഞു തരാം, പരിധിയില്ലാത്ത സ്വർഗ്ഗത്തിന്റെ രചയിതാവായ ബാബയിൽ നിന്ന് എങ്ങിനെ സ്വർഗ്ഗത്തിന്റെ സമ്പത്തെടുക്കാമെന്ന്. ചെറിയ ചെറിയ നോട്ടീസുകൾ വിതരണം ചെയ്തുകൊണ്ടിരിക്കണം. ഹൃദയത്തിൽ വളരെ ഉത്സാഹമുണ്ടായിരിക്കണം. ഏതു ധർമ്മത്തിൽപ്പെട്ടവർ വന്നാലും ഇങ്ങിനെ പറഞ്ഞുകൊടുക്കണം. ബാബ പറയുകയാണ് ഈ ദേഹത്തിന്റെ എല്ലാ ധർമ്മങ്ങളും മറക്കൂ. എന്നെ ഓർമ്മിക്കുകയാണെങ്കിൽ വികർമ്മവിനാശം നടക്കും. നിങ്ങൾ എന്റെ പക്കൽ എത്തിച്ചേരും. ഏറ്റവും ഒന്നാമതായി ഈ നിശ്ചയമുണ്ടായിരിക്കണം, എന്നിട്ടേ മുന്നോട്ട് പോകാവൂ. സ്വയം ആത്മാവണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ. ഇതാണ് ഒന്നാമത്തെ കാര്യം. കേവലം രണ്ടു വാക്കുകൾ മാത്രമേയുള്ളൂ, അലിഫും ബേയും, ബാബയും സമ്പത്തും. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1. തന്റെ സർവ്വതും ബാബയെ ഏല്പിച്ച് സമ്പത്തെടുക്കണം. ബാബയേയും സമ്പത്തിനേയും എത്ര സമയം ഓർക്കുന്നു എന്നതിന്റെ കണക്കു വെക്കണം.

2. തലതിരിഞ്ഞ യാതൊരു പെരുമാറ്റവും പാടില്ല. സ്ഥായിയായ ഓർമ്മയിലിരിക്കുന്നതിന്റെ അഭ്യാസം ചെയ്യണം.

**വരദാനം:- സർവ്വശക്തികളും ഉപയോഗിച്ച് ഓരോ കംപ്ലെയ്ന്റിനെ(പരാതി)യും സമാപ്തമാക്കി കംപ്ലീറ്റായി(സമ്പൂർണ്ണം) മാറുന്ന ശക്തിശാലീ ആത്മാവായി ഭവിക്കട്ടെ.**

ഉള്ളിൽ അഥവാ എന്തെങ്കിലും കുറവുകളുണ്ടെങ്കിൽ അതിന്റെ കാരണത്തെ മനസ്സിലാക്കി നിവാരണം ചെയ്യൂ, എന്തുകൊണ്ടെന്നാൽ മായയുടെ നിയമമാണ്, അതായത് താങ്കളിൽ എന്ത് കുറവുകളുണ്ടോ ആ കുറവുകളിലൂടെ അത് നിങ്ങളെ മായാജീത്ത് ആകാൻ അനുവദിക്കുകയില്ല. മായ ആ കുറവുകളുടെ മുതലെടുക്കും അങ്ങനെ അന്തിമ സമയത്തും അതേ ന്യൂനത ചതിയിൽ പെടുത്തും. അതിനാൽ സർവ്വ ശക്തികളുടെയും സ്റ്റോക്ക് സമാഹരിച്ച് ശക്തിശാലി ആത്മാവാകൂ ഒപ്പം യോഗത്തിന്റെ പ്രയോഗത്തിലൂടെ ഓരോ പരാതിയും സമാപ്തമാക്കി സമ്പൂർണ്ണമാകൂ. ഈ സ്ലോഗൻ ഓർമ്മയുണ്ടായിരിക്കണം- ''ഇപ്പോളില്ലെങ്കിൽ ഒരിക്കലുമില്ല''.

**സ്ലോഗൻ:- ശാന്തിയുടെയും ധൈര്യതയുടെയും ശക്തിയിലൂടെ വിഘ്നങ്ങളെ സമാപ്തമാക്കുന്നവർ തന്നെയാണ് വിഘ്ന വിനാശകർ.**

------

**മാതേശ്വരിജിയുടെ അമൂല്യ മഹാവാക്യങ്ങൾ- താങ്കളുടെ യഥാർത്ഥ ലക്ഷ്യം എന്താണ്?**

ആദ്യമാദ്യം ഇത് അറിയേണ്ടത് അത്യാവശ്യമാണ് അതായത് തങ്ങളുടെ യഥാർത്ഥ ലക്ഷ്യം എന്താണ് എന്നത്. അതും നല്ലപോലെ ബുദ്ധിയിൽ ധാരണ ചെയ്യണം അപ്പോഴേ പൂർണ്ണ രീതിയിൽ ആ ലക്ഷ്യത്തിൽ ഉപസ്ഥിതരാകാൻ കഴിയൂ. തന്റെ യഥാർത്ഥ ലക്ഷ്യമാണ്-ഞാൻ ആത്മാ ആ പരമാത്മാവിന്റെ സന്താനമാണ്. യഥാർത്ഥത്തിൽ കർമ്മാതീതമായിരുന്നു പിന്നീട് സ്വയം സ്വയത്തെ മറന്നതിലൂടെ കർമ്മ ബന്ധനത്തിൽ വന്നുപോയി, ഇപ്പോൾ വീണ്ടും ആ ഓർമ്മ വരുന്നതിലൂടെയും ഈ ഈശ്വരീയ യോഗത്തിൽ ഇരിക്കുന്നതിലൂടെയും തന്റെ ചെയ്തുപോയ വികർമ്മങ്ങളെ വിനാശപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. അപ്പോൾ തന്റെ ലക്ഷ്യമാണ്, ഞാൻ ആത്മാ പരമാത്മാവിന്റെ സന്താനമാണ്. അല്ലാതെ ആരെങ്കിലും സ്വയത്തെ ഞാൻ തന്നെ ദേവതയെന്ന് മനസ്സിലാക്കി ആ ലക്ഷ്യത്തിൽ സ്ഥിതി ചെയ്യുകയാണെങ്കിൽ പിന്നെ പരമാത്മാവിന്റെ ശക്തി എന്താണോ അത് ലഭിക്കാൻ സാധിക്കില്ല. മാത്രമല്ല നിങ്ങളുടെ വികർമ്മങ്ങൾ വിനാശമാവുകയുമില്ല. ഇപ്പോൾ സ്വയത്തിന് പൂർണ്ണ ജ്ഞാനമുണ്ട്- ആത്മാവായ ഞാൻ പരമാത്മാവിന്റെ സന്താനം കർമ്മാതീതമായി ഭാവിയിൽ പോയി ജീവൻമുക്ത ദേവീ-ദേവതാ പദവി നേടും, ഈ ലക്ഷ്യത്തിലിരിക്കുന്നതിലൂടെ ആ ശക്തി ലഭിക്കും. ഞങ്ങൾക്ക് സുഖ-ശാന്തി-പവിത്രത വേണമെന്ന് ഇപ്പോൾ മനുഷ്യർ ആഗ്രഹിക്കുന്നുണ്ടല്ലോ, അതും പൂർണ്ണമായ യോഗം ഉണ്ടെങ്കിലേ പ്രാപ്തമാകൂ. ബാക്കി ദേവതാ പദവിയാണെങ്കിൽ തന്റെ ഭാവി പ്രാലബ്ധമാണ്, തന്റെ പുരുഷാർത്ഥം വേറെയാണ്, പ്രാലബ്ധവും വേറെയാണ്. അതിനാൽ ഈ ലക്ഷ്യവും വേറെയാണ്, സ്വയം ഈ ലക്ഷ്യവുമായി ഇരിക്കരുത് അതായത് ഞാൻ പവിത്രാത്മാവ് അന്തിമത്തിൽ പരമാത്മാവായി മാറുമെന്ന്. മറിച്ച് നമുക്ക് പരമാത്മാവിനോടൊപ്പം യോഗം വെച്ച് പവിത്രാത്മാവായി മാറണം, അല്ലാതെ ആത്മാവൊന്നും പരമാത്മാവാകുകയില്ല. ഓം ശാന്തി.